# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 427 — 04.06.2018 – ൽ മറുപടിക്ക്

## റേഷൻ കടകളിലെ ഇ-പോസ് മെഷീൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ റേഷൻ കടകളിൽ സ്ഥാപിച്ച ഇ-പോസ് മെഷീന്റെ പ്രവർത്തനം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇ-പോസ് മെഷീനുകളുടെ ഗുണനിലവാരമില്ലായ്മയാണോ ആക്ഷേപങ്ങൾക്ക് കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) നെറ്റ് വർക്ക് തകരാറുമൂലം ബില്ലിംഗ് സാധിക്കാത്തത്, ആധാർ ആതന്റിക്കേഷൻ നടക്കാത്തത്, മെഷീൻ കൈകാര്യം ചെയ്യുന്നതിലെ വ്യാപാരികളുടെ പരിചയക്കുറവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് സ്ഥാപിച്ച ഇ-പോസ് മെഷീനുകളിൽ എത്ര ശതമാനമാണ് ശരിയായി പ്രവർത്തിക്കാത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. |
| (സി) | ശരിയായി പ്രവർത്തിക്കാത്ത ഇ-പോസ് മെഷീനുകൾ റേഷൻ വിതരണത്തെ ദോഷകരമായി ബാധിക്കുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | |

*സെക്ഷൻ ഓഫീസർ*